# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.870

25.01.2018-ൽ മറുപടിയ്ക്ക്

## കുഞ്ചൻ സ്മാരകത്തിന്റെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ഉണ്ണി | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വിശദീകരിക്കാമോ ; | (എ) യും (ബി) യും (സി) യും | ഈ സർക്കാർ അധികാരമേറ്റ ശേഷം 1/10/2016-ലെ സ.ഉ(സാധാ)നം.325/2016/ സാം.കാ.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽ ലക്കിടിയിൽ കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ ഭരണസമിതി പുനഃസംഘടിപ്പിക്കുകയുണ്ടായി. ടി സ്മാരകത്തിന് ആവർത്തന/വാർഷിക ഗ്രാന്റായി 4 ലക്ഷം രൂപ അനുവദിച്ചു വരുന്നുണ്ട്. തുടർന്ന് ടി സ്മാരകത്തിന്റെ നവീകരണം/നിർമ്മാണം/സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരമേറ്റ ശേഷം താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം 58,94,000/- രൂപയാണ് അനുവദിച്ചത്. |
| (ബി) 01.07.2016 മുതൽ 31.12.2017 വരെയുള്ള കാലത്ത് കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി എത്ര തുക അനുവദിച്ചു; | | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 03/01/2013-ലെ സ. ഉ. (സാധാ) നം.1/2013/സാം.കാ.വ പ്രകാരം അനുവദിച്ച 10 ലക്ഷത്തിന് പുറമേ 10/01/2017 ലെ സ. ഉ. (സാധാ) നം. 8/2017/സാം.കാ.വ പ്രകാരം 10 ലക്ഷം രൂപ കൂടി അനുവദിക്കുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവർത്തനം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ ചുമതലയിൽ പുരോഗമിച്ചു വരുന്നു. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ കെടാവിളക്ക് സംരക്ഷിക്കൽ, കിണർ ആഴം കൂട്ടൽ, ചുറ്റമതിൽ നിർമ്മാണം എന്നിവയ്ക്കായി 18/03/2017-ലെ സ.ഉ.(സാധാ)നം.174/2017/ സാം.കാ.വ പ്രകാരം 13.94 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ടി തുക പ്രസ്തുത |
| (സി) ഓരോ പ്രവൃത്തിയുടെയും അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ? | | |

പ്രവർത്തനങ്ങൾക്കായി ഇതിനകം തന്നെ ചെലവഴിച്ച കഴിഞ്ഞിട്ടുണ്ട്.

കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തികൾക്കായി 29/03/2017-ലെ സ.ഉ.(സാധാ)നം.251/2017/ സാം.കാ.വ പ്രകാരം 25 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവർത്തനം പാലക്കാട് ജില്ലയിലെ നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയിൽ പുരോഗമിച്ചു വരുന്നു.

കുഞ്ചൻ സ്മാരകത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന 5 ലക്ഷം രൂപയ്ക്ക് പുറമേ ടി സ്മാരകത്തിന്റെ നേതൃത്വത്തിൽ തുള്ളൽ മഹോത്സവം സംഘടിപ്പിക്കുന്നതിന് ധനസഹായമായി 17/11/2017-ലെ സ.ഉ(സാധാ)നം.667/2017/ സാം.കാ.വ പ്രകാരം അനാവർത്തന ഗ്രാന്റിനത്തിൽ 5 ലക്ഷം രൂപയും അനുവദിക്കുകയുമുണ്ടായി.

സെക്ഷൻ ഓഫീസർ